# ആറ്റുകാൽ ഭഗവതിക്ഷേത്രം ട്രസ്റ്റ്

ആറ്റുകാൽ, തിരുവനന്തപുരം-9

നമ്പർ.ഇ3/65/2022/എബിറ്റിറ്റി/ 70 തീയതി : 08.01.2022

## ടെണ്ടർ പരസ്യം

## രസകദളിപ്പഴം സപ്ലൈ

ആറ്റുകാൽ ഭഗവതിക്ഷേത്രത്തിൽ 1-4-2022 മുതൽ 31-3-2023 വരെ രസകദളിപ്പഴം സപ്ലൈ ചെയ്യുന്നതിനുള്ള അവകാശത്തിന് മുദ്രവച്ച ടെൻഡറുകൾ ക്ഷണിച്ചുകൊള്ളുന്നു. ടെൻഡറുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന ഫാറത്തിൽ പൂരിപ്പിച്ച് 18.01.2022 വൈകുന്നേരം 3.00 മണിക്ക് മുമ്പായി ട്രസ്റ്റ് ഓഫീസിൽ ലഭിച്ചിരിക്കേണ്ടതും, 19.01.2022 വൈകുന്നേരം 3.40 ന് സന്നിഹിതരായിരിക്കുന്ന ടെൻഡറുകാരുടെ സാന്നിദ്ധ്യത്തിൽ പൊട്ടിക്കുന്നതുമാണ്.

***ടെൻഡർ നിബന്ധനകൾ***

1. നിരതദ്രവ്യതുകയായ 5,000 രൂപയ്ക്ക് (അയ്യായിരം രൂപ മാത്രം) ഏതെങ്കിലും ഷെഡ്യൂൾഡ് ബാങ്കിൽ നിന്നും സെക്രട്ടറി, ആറ്റുകാൽ ഭഗവതിക്ഷേത്രം ട്രസ്റ്റ്, തിരുവനന്തപുരം എന്ന പേരിൽ ഡിമാന്റ് ഡ്രാഫ്റ്റ് വാങ്ങി ടെൻഡറിനോടൊപ്പം അടക്കം ചെയ്തിരിക്കേണ്ടതാണ്. കവറിനു മുകളിൽ വ്യക്തമായി ഇന്ന കോൺട്രാക്റ്റിനുള്ള ടെൻഡർ എന്നെഴുതുകയും ടെൻഡർ സമർപ്പിക്കുന്ന വ്യക്തിയുടെ പേരും മേൽവിലാസവും കവറിനു പുറത്ത് രേഖപ്പെടുത്തേണ്ടതുമാണ്. ടെൻഡറിനോടൊപ്പം ചേർത്തിരിക്കുന്ന ടെൻഡർ ഫാറം പൂരിപ്പിച്ച് ടെൻഡറിനോടൊപ്പം അടക്കം ചെയ്തിരിക്കേണ്ടതാണ്.
2. ക്ഷേത്രത്തിലേയ്ക്കാവശ്യമുള്ള രസകദളിപ്പഴം ക്ഷേത്രത്തിൽ നിന്നും നിർദ്ദേശിക്കുന്ന സമയങ്ങളിൽ ആവശ്യാനുസരണം സപ്ലൈ ചെയ്യേണ്ടതാണ്. സപ്ലൈ ചെയ്യുന്ന രസകദളിപ്പഴത്തിന് ഒരു കിലോഗ്രാമിന്റെ തുക ടെൻഡറിൽ രേഖപ്പെടുത്തേണ്ടതും ഒരു രസകദളിപ്പഴത്തിന് 50 ഗ്രാമിൽ കുറയാതെ തൂക്കം ഉണ്ടായിരിക്കേണ്ടതും കാള മുണ്ടം കഴിച്ചുള്ള തൂക്കത്തിന് വില നൽകുന്നതുമാണ്. പ്രസ്തുത രസകദളിപ്പഴങ്ങൾ നല്ലതല്ല എന്ന് ബോദ്ധ്യം വന്നാലോ തൂക്കത്തിൽ കുറഞ്ഞതാണെങ്കിലോ നിരസിക്കുന്നതും വേറെ നല്ല രസകദളിപ്പഴം സപ്ലൈ ചെയ്യുവാൻ ആവശ്യപ്പെടുന്നതുമാണ്. കൂടാതെ കരാറിലേർപ്പെടുന്ന മാസത്തെ മാർക്കറ്റ് നിരക്ക് സർക്കാരിന്റെ ആധികാരിക രേഖകൾ പ്രകാരം ട്രസ്റ്റ് നിർണ്ണയിക്കുന്നതാണ്. ഓരോ മൂന്നു മാസത്തിനു ശേഷം മാർക്കറ്റ് റേറ്റിൽ 10%ൽ കൂടുതൽ കുറവ് കരാറിലേർപ്പെടുന്ന മാസവുമായി വന്നാൽ നിരക്ക് നെഗോഷിയേറ്റ് ചെയ്ത് കുറവ് വരുത്തുന്നതിന് കരാറിലേർപ്പെടുന്നയാൾ സമ്മതിക്കേണ്ടതാണ്.
3. ടെൻഡർ സ്ഥിരപ്പെടുത്തി കിട്ടുന്ന വ്യക്തി നിശ്ചിത വ്യവസ്ഥകൾ ഉൾപ്പെടുത്തി സെക്യൂരിറ്റി തുകയായി 15,000 രൂപ (പതിനയ്യായിരം രൂപ മാത്രം) ഒടുക്കി 200/- രൂപയുടെ മുദ്രപത്രത്തിൽ രണ്ടു ഫോട്ടോ സഹിതം നിശ്ചിത കരാർ ഒപ്പിട്ട് ട്രസ്റ്റ് ഓഫീസിൽ ഹാജരാക്കേണ്ടതാണ്. സർക്കാർ അനുശാസിക്കുന്ന എല്ലാ നികുതികളും ഒടുക്കുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്.
4. ടെൻഡർ കാലയളവിൽ യാതൊരു കാരണവശാലും നിരക്കുകൾ വർദ്ധിപ്പിക്കുന്നതല്ല
5. ടെൻഡർ സ്ഥിരപ്പെടുത്തി കിട്ടുന്ന വ്യക്തി/സ്ഥാപനം ഈ അവകാശം യാതൊരു കാരണവശാലും മറ്റൊരാൾക്ക് കൈമാറുവാൻ പാടുള്ളതല്ല.
6. കരാർ ലംഘനം നടത്തിയതായി കാണുന്ന പക്ഷം യാതൊരു മുന്നറിയിപ്പും കൂടാതെ കരാർ റദ്ദുചെയ്യുന്നതുൾപ്പെടെയുള്ള മേൽനടപടികൾ സ്വീകരിക്കുന്നതിന് ട്രസ്റ്റ് സെക്രട്ടറിക്ക് പൂർണ്ണ അവകാശവും അധികാരവും ഉണ്ടായിരിക്കുന്നതാണ്.
7. ടെൻഡർ കാരണം പറയാതെ നിരസിക്കുന്നതിനും, ടെൻഡർ സമയത്തിൽ മാറ്റം വരുത്തുന്നതിനുമുള്ള പൂർണ്ണ ഉത്തരവാദിത്തം ട്രസ്റ്റ് സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കും.
8. മുമ്പ് സപ്ലൈ നടത്തിയിട്ടുള്ള സ്ഥലത്തു യാതൊരു ബാദ്ധ്യതയും ഇല്ലെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
9. ടെൻഡർ സംബന്ധിച്ചുള്ള എല്ലാ പൊതുനിയമങ്ങളും ട്രസ്റ്റ് നിയമങ്ങളും ഈ ടെൻഡറിനും ബാധകമായിരിക്കും.

സെക്രട്ടറി

ആറ്റുകാൽ ഭഗവതിക്ഷേത്രം ട്രസ്റ്റ്

ടെൻഡറുകാരന്റെ പേരും ഒപ്പും :